LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കർഷകർക്ക് വളത്തിന് സബ്സിഡി നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവിന് ലക്ഷ്യമിട്ടുകൊണ്ട് കർഷകന് ഉല്പാദനോപാധികൾക്ക് സബ്സിഡി നൽകുമ്പോൾ അതിൽ വളപ്രയോഗത്തിനും സഹായം നൽകാറുണ്ട്.

(ബി) കർഷകർ ഉപയോഗിക്കുന്ന രാസവളത്തിന് കേന്ദ്ര ഗവൺമെന്റ് കമ്പനികൾക്ക് നേരിട്ട് സബ്സിഡി നല്കി വിലകുറച്ചാണ് കർഷകർക്ക് ലഭ്യമാക്കുന്നത്. കർഷകർ നേരിട്ട് വളം ഡിപ്പോകളിൽ നിന്നും രാസവളം, ജൈവവളം എന്നിവ വാങ്ങി ഉപയോഗിക്കുന്നതുകൊണ്ട് കർഷകരുടെ എണ്ണവും തുകയും നിശ്ചയിക്കുവാൻ അനുബന്ധ കണക്കുകൾ ലഭ്യമല്ല.

(സി) കേന്ദ്രസർക്കാരിന്റെ വളത്തിന് സബ്സിഡി നൽകുന്ന പദ്ധതികൾ നിലവിലില്ല.

കേരഗ്രാമംപദ്ധതി

213 (3500) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് 2014-15-ൽ കോഴിക്കോട് ജില്ലയിൽ കേര ഗ്രാമപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ;

(ബി) നാളികേര ബോർഡിന്റെ ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രദേശത്തെ കേരഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട എന്ന് കൃഷി വകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ;

(സി) ഉണ്ടെങ്കിൽ ക്ലസ്റ്റർ നടപ്പിലാക്കിയ പ്രദേശങ്ങൾ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന നിബന്ധനയുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഒരു പ്രദേശത്ത് നാളികേര ബോർഡിന്റെ ക്ലസ്റ്റർ ഉണ്ടെങ്കിലും അതിൽ ചേരാത്ത കേരകർഷകരെ കേരഗ്രാമം പദ്ധതിയിൽ ചേർക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2014-15 വർഷത്തെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത 2 പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി ജില്ലയിൽ നടപ്പിലാക്കുന്നതാണ്.

(ബി) ഇത്തരത്തിൽ ഒരു സർക്കുലർ ഇറക്കിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) തടസ്സമില്ല. കേരഗ്രാമം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. നിയോജകമണ്ഡലത്തിലെ തെങ്ങു കൃഷി കൂടുതലുള്ള പഞ്ചായത്ത്.
2. തെങ്ങിന്റെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള വിള അഭിവൃദ്ധി പദ്ധതികൾ, മൂല്യവർദ്ധന വിപണന സൗകര്യങ്ങൾ ഏറ്റെടുക്കുന്ന പഞ്ചായത്തുകൾ
3. തെങ്ങുകൃഷിക്കായി തനതു പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ള പഞ്ചായത്തുകൾ
4. രോഗ-കീടബാധ വളരെ കൂടുതൽ ഉള്ളതും ഉല്പാദനക്ഷമത കുറഞ്ഞ പ്രായാധിക്യമുള്ള തെങ്ങുകൾ കൂടുതലുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകുന്നതാണ്.
5. കേര ക്ലസ്റ്ററുകൾ സാദ്ധ്യമായ പഞ്ചായത്തുകൾ
6. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി കണ്ടെത്തുന്ന പ്രോജക്ടുകൾ അടിസ്ഥാനമാക്കിയും പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതാണ്.
7. ഒരു പഞ്ചായത്തിൽ തന്നെ ചേർന്നു കിടക്കുന്ന 500 ഹെക്ടർ പ്രദേശത്ത് നടപ്പാക്കുന്ന കേര ഗ്രാമം പദ്ധതിയിൽ സ്ഥലത്തെ സാദ്ധ്യമായ എല്ലാ ചെറുകിട നാമമാത്ര കർഷകരെയും കൈവശ ഭൂമിയുടെ വിസ്തൃതി പരിധി കണക്കിലെടുക്കാതെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതാണ്. ഒരേ പ്രവർത്തനത്തിന് വിവിധ പദ്ധതിയിലൂടെ ആനുകൂല്യം ഒരു ഗുണഭോക്താവിന് നൽകുന്നത് ഒഴിവാക്കുന്നതാണ്.